**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2022** **16-03-2022 - ൽ മറുപടിയ്ക്ക്**

**വയനാട് നിന്നും ഉക്രൈനിൽ പോയ വിദ്യാർത്ഥികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | null<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ നിന്നും പഠനാവശ്യത്തിനായി എത്ര വിദ്യാർത്ഥികൾ ഉക്രൈനിൽ പോയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (എ) | ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം 42 പേർ വയനാട് ജില്ലയിൽ നിന്നും പഠനാവശ്യത്തിനായി യുക്രൈനിൽ പോയിട്ടുണ്ട്. അതിൽ 40 പേർ മടങ്ങിയെത്തുകയും 2 പേർ മറ്റ് രാജ്യങ്ങളിലേക്ക് പോകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇവരിൽ എത്ര പേരെ തിരികെ നാട്ടിലെത്തിക്കാൻ കഴിഞ്ഞുവെന്നും ഇനി എത്ര പേരെ തിരികെ എത്തിക്കാനുണ്ടെന്നും അറിയിക്കാമോ; | (ബി) | ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം 42 പേർ വയനാട് ജില്ലയിൽ നിന്നും പഠനാവശ്യത്തിനായി യുക്രൈനിൽ പോയിട്ടുണ്ട്. അതിൽ 40 പേർ മടങ്ങിയെത്തുകയും 2 പേർ മറ്റ് രാജ്യങ്ങളിലേക്ക് പോകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇവരെ നാട്ടിലെത്തിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) | യുക്രൈനിൽ കുടുങ്ങിയ മലയാളി വിദ്യാർത്ഥികളെ നാട്ടിലെത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. യുക്രൈനിലെ വിവിധ പ്രവിശ്യകളിൽ അകപ്പെട്ട വിദ്യാർത്ഥികളെ നാട്ടിലെത്തിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചു. മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തി. യുക്രൈനിൽ അകപ്പെട്ട മലയാളി വിദ്യാർത്ഥികളുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിന് കൈമാറുന്നതിന് രജിസ്ട്രേഷൻ ആരംഭിച്ചു. നോർക്ക രജിസ്ട്രേഷൻ, ഇമെയിൽ, കാൾ, വാട്ട്സ് ആപ്പ് എന്നിവ മുഖാന്തിരം നോർക്കയിൽ ബന്ധപ്പെട്ടവരുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിനും ഇന്ത്യൻ എംബസിക്കും യഥാസമയം കൈമാറി. യുദ്ധഭൂമിയിൽ അകപ്പെട്ട വിദ്യാർത്ഥികളുമായി വാട്ട്സ് ആപ്, ഫോൺ എന്നിവ മുഖേന നിരന്തരം സമ്പർക്കം പുലർത്തുകയും വിവരങ്ങൾ അതത് സമയം വിദേശകാര്യ മന്ത്രാലയത്തിലും ഇന്ത്യൻ എംബസിയിലും അറിയിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ, ഇന്ത്യൻ എംബസി എന്നിവരുടെ അറിയിപ്പുകൾ യഥാസമയം വിദ്യാർത്ഥികൾക്ക് കൈമാറി വരുന്നു. യുദ്ധഭൂമിയിൽ കുടുങ്ങിയ മലയാളികൾക്കും നാട്ടിലുള്ളവർക്കും |

| | | | |
|---|---|---|---|
| | | | ബന്ധപ്പെടാൻ നോർക്ക റൂട്ട്സിന്റെ 1800 425 3939 എന്ന ഹെല്പ് ലൈൻ നമ്പർ ലഭ്യമാക്കി. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ, ഉക്രൈൻ ക്രൈസിസ് മാനേജ്മെന്റ് സെൽ എന്നിവ നോർക്ക റൂട്ട്സിൽ പ്രവർത്തിക്കുന്നു. അതിർത്തി കടന്ന് മാൾഡോവ, പോളണ്ട്, റൊമാനിയ എന്നീ രാജ്യങ്ങളിൽ എത്തിയ വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ലോക കേരള സഭാ അംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ മലയാളി സംഘടനകൾ നടത്തുകയുണ്ടായി. തിരികെ എത്തുന്ന വിദ്യാർത്ഥികൾ വീട്ടുകളിലെത്തുന്നതുവരെയുള്ള താമസ സൗകര്യം നോർക്ക വഹിക്കുന്നു. തിരികെയെത്തുന്ന വിദ്യാർത്ഥികളെ നാട്ടിലെത്തിക്കുന്നതിന് ഡൽഹിൽ നിന്ന് കൊച്ചിയിലേക്ക് 15 ചാർട്ടേർഡ് വിമാനങ്ങൾ (09.03.2022 വരെ) ഏർപ്പെടുത്തി. ഡൽഹി, മുംബൈ വിമാനത്താവളങ്ങളിൽ എത്തുന്ന വിദ്യാർത്ഥികളെ കേരളത്തിലെ വിവിധ എയർപോർട്ടുകളിൽ എത്തിക്കുന്നതിന് അവരുടെ വിമാനയാത്ര ടിക്കറ്റുകൾ നോർക്ക സൗജന്യമായി നൽകുന്നു. കേരളത്തിലെ വിമാനത്താവളങ്ങളിൽ എത്തുന്ന വിദ്യാർത്ഥികളെ സ്വീകരിക്കാൻ നോർക്കയുടെ പ്രത്യേക ടീമിനെ സജ്ജമാക്കി. ഡൽഹിയിൽ നിന്നും കൊച്ചി വിമാനത്താവളത്തിൽ എത്തുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി തിരുവനന്തപുരത്തേക്കും കാസർകോട്ടേക്കും പ്രത്യേക ബസ് സർവീസ് ഏർപ്പെടുത്തി. |

സെക്ഷൻ ഓഫീസർ